"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മ അയ്യൻകാളി ജലോത്സവം വെള്ളായണി 2023 - സംഘാടനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്. എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1641/2023/LSGD തീയതി,തിരുവനന്തപുരം, 11-08-2023

പരാമർശം:- 1. അയ്യൻകാളി ജലോത്സവ സംഘാടക സമിതി ചെയർമാന്റെ 01-08-2023 തീയതിയിലെ36/2023 നമ്പർ കത്ത്.

**ഉത്തരവ്**

2023 ആഗസ്റ്റ് 27,28,29,30,31 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനും ഓണം ടൂറിസം വാരാഘോഷത്തിനുമായി സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നൽകണമെന്ന് അയ്യൻകാളി ജലോത്സവ സംഘാടക സമിതി പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 ആഗസ്റ്റ് 27 മുതൽ 31 വരെ തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനും ഓണം ടൂറിസം വാരാഘോഷത്തിനുമായി തിരുവനന്തപുരം നഗരസഭയിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്നും രണ്ടു ലക്ഷം രൂപ വീതവും നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ നിന്നും നേമം, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപ വീതവും നേമം, അതിയന്നൂർ ബ്ലോക്കിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50000/- രൂപ വീതവും ജലമേള നടക്കുന്ന കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപയും അയ്യൻകാളി ജലോത്സവ സംഘാടകസമിതിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ജലോത്സവ സമിതി കൺവീനർ ആഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് /നഗരസഭകൾ( പ്രിൻസിപ്പൽ ഡയറക്ടർ, മുഖേന)

ചെയർമാൻ, അയ്യൻകാളി ജലോത്സവ സംഘാടക സമിതി, വെള്ളായണി, ഊക്കോട് പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം. എക്സി. എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
K Renuka
സെക്ഷൻ ഓഫീസർ
Date: 11-08-2023 16:33:46

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
PA to Principal Secretary.